**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1035** **11-02-2025 - ൽ മറുപടിയ്ക്ക്**

**എരുമേലി പഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | എരുമേലി പഞ്ചായത്തിലെ ജലവിതരണ ശൃംഖല നവീകരിക്കുന്നതിനായി സ.ഉ.(സാധാ) നം.799/2018/ഡബ്യൂ.ആർ.ഡി. പ്രകാരം 07.11.2018 ൽ NABARD TRANCHE–XXIV -ൽ ഉൾപ്പെടുത്തി 12.6 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ കാലാവധി 2024 സെപ്റ്റംബർ 30 ന് അവസാനിച്ചതുമൂലം എരുമേലി പഞ്ചായത്തിലെ മൂന്ന് പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായിരിക്കുന്നത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | നബാർഡ് പദ്ധതിയിലൂടെ നടപ്പാക്കുന്ന പ്രവർത്തികളുടെ അടങ്കൽ തുകയുടെ 85% നബാർഡ് ലോൺ അനുവദിക്കുകയും ബാക്കി 15% തുക സംസ്ഥാന സർക്കാരാണ് വഹിച്ചിരുന്നത്. നിലവിൽ നബാർഡ് പ്രവർത്തികളുടെ 85% മാത്രമാണ് നൽകി വരുന്നത്. പദ്ധതികളുടെ പുരോഗതിക്കും കുടിശിക തുക കൊടുത്തു തീർക്കുന്നതിലേക്കുമായി സംസ്ഥാന വിഹിതമായ 15% നബാർഡ് ശീർഷകത്തിൽ അനുവദിച്ചു തരുന്നതിലേക്കായി 15.14 കോടി രൂപയുടെ ധനാഭ്യർത്ഥന 11.08.2024 ൽ സമർപ്പിച്ചിട്ടുണ്ട്. എരുമേലി പഞ്ചായത്തിലെ ജലവിതരണ ശൃംഖല നവീകരിക്കുന്നതിനായി NABARD TRANCHE-XXIV-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവർത്തിയുടെ കാലവധി സെപ്റ്റംബർ 30 ന് അവസാനിച്ചു.<br><br>പദ്ധതി പൂർത്തീകരണത്തിനായി എരുമേലി പഞ്ചായത്തിലെ ജലവിതരണ പദ്ധതിയിലെ മൂന്ന് പ്രവൃത്തികൾ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു |
| (ബി) | എരുമേലി ഗ്രാമപഞ്ചായത്തിലെ ജൽജീവൻ മിഷന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (ബി) | ജലജീവൻ മിഷൻ പദ്ധതിയിൽ എരുമേലി പഞ്ചായത്തിൽ 7 പാക്കേജുകളിലായാണ് പ്രവർത്തികൾ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പ്രവർത്തികളിലായി 113.46കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച് 10500 കുടിവെള്ള കണക്ഷനുകൾ നൽകേണ്ടതിൽ 92.54 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച് 1919 കുടിവെള്ള കണക്ഷനുകൾ നാളിതുവരെ നൽകി. നിലവിലെ പാക്കേജ് 1,2,3 പ്രവർത്തികൾ പ്രീ ക്ലോസ് ചെയ്യുകയുണ്ടായി. പ്രീക്ലോസ് ചെയ്ത മേൽപ്പറഞ്ഞ പാക്കേജുകളിലെ തുടർ പ്രവർത്തികൾ പൂർത്തികരിക്കുന്നതിനായും പഞ്ചായത്തിലെ പൈപ്പ് ലൈൻ സ്ഥാപിക്കാത്ത |

| | | | |
|---|---|---|---|
| | | | ബാക്കി എല്ലാ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടിയും പുതിയൊരു പാക്കേജ് (പാക്കേജ് 8), രൂപീകരിക്കുകയും ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. കൂടാതെ ഈ പഞ്ചായത്തിന്റെ മുൻ എസ്റ്റിമേറ്റുകളിൽ പഞ്ചായത്ത് റോഡ് പുനരുദ്ധാരണത്തിനുള്ള നടപടികൾ ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ നിലവിൽ പ്രീക്ലോസ് ചെയ്തതും പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ പ്രവർത്തികളിലെ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണം സംയോജിപ്പിച്ച് ഒരു പ്രത്യേക പാക്കേജ് (പാക്കേജ് 9) രൂപീകരിക്കുകയും ചെയ്തു. ആയതിന്റെയും എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ